**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **24-06-2024 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി സംസ്ഥാന സർക്കാരിന് പിൻവലിക്കാം എന്ന പുനഃപരിശോധന സമിതിയുടെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01/11/2023 ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02/11/2023 തീയതിയിൽ സ.ഉ.(അ)നം.110/2023/ധന., ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി 2023 നവംബറിൽ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായി നിയമിക്കപ്പെട്ട സമിതി നാളിതുവരെ എത്ര ഔദ്യോഗിക യോഗങ്ങൾ ഏതെല്ലാം തീയതികളിൽ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01/11/2023 ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02/11/2023 തീയതിയിൽ സ.ഉ.(അ)നം.110/2023/ധന., ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്ന ഫയൽ വകുപ്പ് സെക്രട്ടറി ധനകാര്യ | (സി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും നിലവിൽ ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും അറിയിക്കാമോ? | | സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01/11/2023 ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02/11/2023 തീയതിയിൽ സ.ഉ.(അ)നം.110/2023/ധന., ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -എ) വകുപ്പ്**

**സ.ഉ.(അ) നം.110/2023/ധന.** **തിരുവനന്തപുരം, തീയതി, 02/11/2023.**

---

പരാമർശം :- 1. സ.ഉ. (അ) നം. 20/2013/ധന. തീയതി, 07.01.2013.
2. സ.ഉ. (അ) നം. 172/2018/ധന. തീയതി, 07.11.2018.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തുവാനും അധിക കാലതാമസം കൂടാതെ ശിപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാനും 01.11.2023 തീയതിയിൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്.
6. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
7. എല്ലാ വകുപ്പ് മേധാവികൾക്കും.
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. മാനേജിംഗ് ഡയറക്ടർ, കെ.എസ് ആർ.ടി.സി, തിരുവനന്തപുരം.
10. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
11. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
12. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ).
13. രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര.
15. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
16. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.
17. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
18. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
19. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
20. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
21. സെക്രട്ടറി, കെ.എസ്.ഇ.ബി - ലിമിറ്റഡ്, തിരുവനന്തപുരം.
22. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
23. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
24. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.
25. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
26. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
27. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
28. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
29. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
30. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
31. നോഡൽ ഓഫീസർ, www.finance.kerala.gov.in
32. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1856 തീയതി, 01/11/2023).
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-2599591).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ